തികളെക്കുറിച്ചാണെന്നും വിശദമാക്കുന്നതായാൽ, അവക്കു മറുപടി പറയുവാൻ ശ്രമിക്കുന്നതാണു്.

Stipend to Muslim Girls.

97. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ എഴുതുന്ന ചോദ്യത്തിനുത്തരം നൽകുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ:—

മലയാളം സ്കൂളുകളിലെ മുസ്ലിം വിദ്യാർത്ഥിനികൾക്കു് സ്റ്റൈപ്പൻറു കൊടുക്കാമെന്നു് മുസ്ലിം പ്രതിനിധിയുടെ ചോദ്യത്തിനു ചെയ്ത വാഗ്ദാനമനുസരിച്ചു പ്രവർത്തിക്കാതിരിപ്പാൻ കാരണമെന്തു"?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഗവൺമെണ്ടു് അങ്ങിനെ ഒരു വാഗ്ദാനം ചെയ്തതായി ഓർക്കുന്നില്ല.

Anchal offices not accessible to Depressed Classes.

98. മിസ്റ്റർ പി. സി. ചാണ്ടൻ.—താഴെ കാണുന്ന ചോദ്യത്തിനുത്തരം നൽകുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ.—

കൊച്ചിരാജ്യത്തു് അധഃകൃതർക്കു് പ്രവേശനമില്ലാത്ത വല്ല അഞ്ചലാഫീസുകളും ഉണ്ടൊ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നു് സദയം പ്രകാശിപ്പിക്കാമൊ?

രാമവർമ്മ തമ്പുരാൻ.—കൊച്ചി രാജ്യത്തു് അധഃകൃതർക്കു പ്രവേശനമില്ലാത്ത അഞ്ചലാഫീസുകൾ ഒന്നുംതന്നെ ഇല്ല.

മിസ്റ്റർ. പി. സി. ചാണ്ടൻ.—ഇരിങ്ങാലക്കുട അഞ്ചലാഫീസ്സിൽ അധഃകൃതർക്കു പ്രവേശനമുണ്ടൊ?

രാമവർമ്മ തമ്പുരാൻ.—പ്രവേശിക്കാൻ വിരോധമില്ല.

99. മിസ്റ്റർ പി. സി. ചാണ്ടൻ.—താഴെ എഴുതുന്ന ചോദ്യത്തിനു് ഉത്തരം നല്കുവാൻ ഗവൺമെണ്ടിനു" ദയവുണ്ടാകുമൊ:—

കൊച്ചി പുലയമഹാജനസഭാസിക്രട്ടെരി കെ. പി. വള്ളോൻ ഇരിങ്ങാലക്കുട അഞ്ചലാഫീസിൽ സ്റ്റാമ്പു വാങ്ങിക്കുവാൻ ചെന്ന സമയം ആട്ടി പുറത്തു കളഞ്ഞ സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പതിഞ്ഞിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിനു" എന്തു നിവാരണമാണു് ചെയ്തിട്ടുള്ളതെന്നു സദയം പറയാമൊ?

രാമവർമ്മ തമ്പുരാൻ.—വള്ളോൻ [illegible] ഇതിനെപ്പറ്റി ഒരു ആവലാധി ബോധിപ്പിക്കയുണ്ടായി. അന്വേഷിച്ചതിൽ ടിയാൻ സ്റ്റാമ്പു വാങ്ങുവാനായി അഞ്ചലാഫീസിനകത്തു കടന്ന ഉടൻപടികൾ രജിസ്റ്റർ ചെയ്യുന്ന ഗുമസ്ഥന്റെ മേശയുടെ അരികിൽ ചെന്നു സ്റ്റാമ്പു ചോദിക്കുകയും ഗുമസ്ഥൻ ആഫീസിനകത്തു കടന്നതു് നിയമവിരോധമായെന്നും പുറത്തു ജനൽ വാതുക്കൽ ചെന്നാൽ സ്റ്റാമ്പു വാങ്ങിക്കാമെന്നും പറകയും അപ്പോൾ ടിയാൻ സ്റ്റാമ്പു വാങ്ങിക്കാതെ പുറത്തേക്കു പോയതായും അറിഞ്ഞു. ടി വിവരത്തിനു വള്ളോനു" മറുപടി കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. സി. ചാണ്ടൻ.—മറുപടി കൊടുത്തിട്ടുണ്ടെന്നു പറയുന്നു. ആ മറുപടി എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

രാമവർമ്മ തമ്പുരാൻ.—സ്റ്റാമ്പു വാങ്ങിക്കാൻ അകത്തു ചെല്ലാൻ പാടില്ല. പുറത്തുനിന്നു ചോദിച്ചു വാങ്ങേണ്ടതാണു്. അകത്തു ചെന്നതു് തെറ്റായിപ്പോയി എന്നാണു. മറുപടി.

മിസ്റ്റർ പി. സി. ചാണ്ടൻ.—രണ്ടാമത്തെ ആക്ഷേപം കൊടുത്തതായി വല്ല അറിവും ഉണ്ടൊ?

രാമവർമ്മ തമ്പുരാൻ.—അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. സി. ചാഞ്ചൻ.—സ്റ്റാമ്പു വാങ്ങാനായി അയ്യാൾ അകത്തു പ്രവേശിച്ചിട്ടില്ല. അന്നു് ഞാനും കൂടെ ഉണ്ടായിരുന്നു. ഇരിങ്ങാലക്കുട പുലയ മീററിംഗിൽ സംബന്ധിക്കുവാൻ പോയിരുന്ന വഴിക്കു് ഞാനും ഒന്നിച്ചാണു് അഞ്ചലാഫീസിൽ ചെന്നതു്. വാസ്തവത്തിൽ അകത്തു പ്രവേശിച്ചിട്ടില്ല. അകത്തു പ്രവേശിച്ചെന്നു പറയുന്നതു് ജാതിക്കുറ്റമുണ്ടാകൊണ്ടാണു്. അകത്തു പ്രവേശിച്ചുകടന്ന ആ ആളിനും നല്ലവണ്ണം അറിയാം.

പ്രസിഡെണ്ടു്.—ഏതു സംഗതിക്കാണു് മറുപടി വേണ്ടതു്? ഇവിടെ ഇപ്പോൾ ഇതൊന്നും വിസ്തരിക്കാൻ പാടില്ല. ഉപചോദ്യം ചോദിക്കാനുണ്ടെങ്കിൽ മാത്രമേ ചോദിക്കാവൂ.

മിസ്റ്റർ പി. സി. ചാഞ്ചൻ.—അകത്തു കടന്നു എന്നു പറയുന്നതു് തെറ്റാണെന്നു ഞാൻ അറിയിക്കയാണു്. അതിനെപ്പററി വീണ്ടും ഒന്നന്വേഷിക്കാമോ?

രാമവർമ്മ തമ്പുരാൻ.—അങ്ങിനെ ആവശ്യമുണ്ടെങ്കിൽ വീണ്ടും അന്വേഷിക്കാം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ക്ലാർക്കിനേയും കൂട്ടിക്കൊണ്ടു ചെല്ലാൻ മിസ്റ്റർ വള്ളുവനോടു ആർഡർ കൊടുക്കുകയുണ്ടായൊ?

രാമവർമ്മ തമ്പുരാൻ.—അറിവില്ല.

മിസ്റ്റർ പി. സി. ചാഞ്ചൻ.—കൊടുക്കയുണ്ടായി. സാധാരണയായി ഗവർമ്മെണ്ടുദ്യോഗസ്ഥൻ ഒരു സാധാരണക്കാരനെ കൂട്ടിക്കൊണ്ടു പോകാം. എന്നാൽ ഒരു സാധാരണക്കാരൻ ഒരു ഗവർമ്മെണ്ടു ഉദ്യോഗസ്ഥനെയും കൂട്ടിക്കൊണ്ടു ചെല്ലാൻ പറയുന്നതു് നടക്കാത്തതാണു്. ഇതിനുംതക്ക റിക്കാർഡു് എനിക്കുണ്ടു്. വേണമെങ്കിൽ ഹാജരാക്കാം.

രാമവർമ്മ തമ്പുരാൻ.—അങ്ങിനെ പറഞ്ഞതായി അറിവില്ല. ഇതിനെയെല്ലാറ്റിനേയും പറ്റി ഒരിക്കൽകൂടി അന്വേഷണം നടത്താം.

Stipends for Pulaya girls for Midwifery, etc.

100. മിസ്റ്റർ പി. സി. ചാഞ്ചൻ.—താഴെ പറയുന്ന ചോദ്യത്തിനുത്തരം നല്കുവാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമൊ.—

കൊച്ചി രാജ്യത്തെ ഹോസ്പിററലുകളിൽ (Hospitals) പുലയപെൺകുട്ടികളിൽ ക്രിസ്ത്യാനികളായവർക്കും അകാത്തവർക്കും നേഴ്സിങ്ങിനും മിഡ്വൈഫറിക്കും പഠിക്കുവാൻ പ്രാപ്തിയുള്ള കുട്ടികൾ ഉണ്ടെങ്കിൽ സ്റ്റൈപ്പൻറ് കൊടുത്തു പഠിപ്പിക്കുവാൻ ബഹു: ഗവർമ്മെണ്ടു ദൃഷ്ടി വെക്കുമൊ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വർഗ്ഗീസ്.—ഗവർമ്മെണ്ടു നിബന്ധനകൾ അനുസരിച്ചുള്ള പഠിപ്പും മറ്റുമുണ്ടെങ്കിൽ സ്റ്റൈപ്പൻറ് കൊടുത്തു പഠിപ്പിക്കുവാൻ വിരോധമില്ല.

Vyttila-Eravur Ferry.

101. Mr. P. Krishna Menon.—Will the Government be pleased to state whether the Government have passed orders on the report sent to Government by the Diwan Peishkar for opening a new pathway to the above ferry?

Mr. T. M. Krishna Menon.—Yes. An extract from the Diwan's Proceedings Dis. No. 1610/D/05, dated 18th June 1930 is appended. (*Vide Appendix A*)

Mr. P. Krishna Menon.—The Government have passed orders for the opening of the pathway. May I know whether the Superintendent of Agriculture and Panchayats has provided

LIBRARY ARCHIVES Kerala Legislative Assembly